**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ കണക്കിലെടുത്ത്, സർക്കാരിന് യാതൊരുവിധ ചെലവും വരുത്താതെ അണക്കെട്ടുകളടക്കമുള്ളവയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ‘ഇറിഗേഷൻ - ടൂറിസം’ പദ്ധതി നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇറിഗേഷൻ ടൂറിസം പദ്ധതി, ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും മറ്റ് ജലസേചന സ്ഥാപനങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു ശ്രമമാണ്. ഈ പദ്ധതിയിലൂടെ, പൊതുജനങ്ങൾക്ക് കൂടുതൽ ഗുണമേന്മയുള്ള ടൂറിസം സൗകര്യങ്ങൾ നൽകുന്നതോടൊപ്പം, സർക്കാരിലേക്ക് കൂടുതൽ വരുമാനം വരുകയും, അതിന്റെ വരുമാനം ഉപയോഗിച്ച് ആസ്തികളുടെ സൗന്ദര്യവൽക്കരണവും അറ്റകുറ്റപ്പണികളും നടത്താനും സാധിക്കും. ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടമായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നെ ചുമതലപ്പെടുത്തിയിരുന്നു.<br><br>ഇറിഗേഷൻ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ഇറിഗേഷൻ – ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ തിരഞ്ഞെടുക്കുന്ന ഏജൻസി നിർദ്ദിഷ്ട പദ്ധതിയ്ക്കായുള്ള മുഴുവൻ ചെലവും സ്വയം വഹിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് നിശ്ചിത കാലയളവിലേക്ക് പദ്ധതി നടത്തിപ്പുമായി മുന്നോട്ട് പോകും. പ്രസ്തുത കാലയളവിൽ പദ്ധതി നടത്തിപ്പിലൂടെ ഏജൻസിയ്ക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം സർക്കാരിലേക്ക് നൽകും. ജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭാവി ആവശ്യങ്ങൾക്കും തടസ്സങ്ങൾ വരുന്നില്ല എന്ന് ഉറപ്പാക്കി, പ്രസ്തുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും വരുമാനം പങ്കിടുന്നത് സംബന്ധിച്ച രേഖകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നത് ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്. കൂടാതെ സർക്കാരിന് ലഭിക്കുന്ന വരുമാനം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിവിഷണൽ അക്കൗണ്ടന്റ് എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. |
| (ബി) | ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ കണക്കിലെടുത്ത്, സർക്കാരിന് യാതൊരുവിധ ചെലവും വരുത്താതെ അണക്കെട്ടുകളടക്കമുള്ളവയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇറിഗേഷൻ ടൂറിസം പദ്ധതി, ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും മറ്റ് ജലസേചന സ്ഥാപനങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു ശ്രമമാണ്. ഈ പദ്ധതിയിലൂടെ, പൊതുജനങ്ങൾക്ക് കൂടുതൽ ഗുണമേന്മയുള്ള ടൂറിസം സൗകര്യങ്ങൾ നൽകുന്നതോടൊപ്പം, സർക്കാരിലേക്ക് കൂടുതൽ വരുമാനം വരുകയും, അതിന്റെ വരുമാനം ഉപയോഗിച്ച് ആസ്തികളുടെ സൗന്ദര്യവൽക്കരണവും അറ്റകുറ്റപ്പണികളും നടത്താനും സാധിക്കും. ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടമായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നെ ചുമതലപ്പെടുത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | ഇറിഗേഷൻ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ഇറിഗേഷൻ – ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്.<br><br>സർക്കാർ തിരഞ്ഞെടുക്കുന്ന ഏജൻസി നിർദ്ദിഷ്ട പദ്ധതിയ്ക്കായുള്ള മുഴുവൻ ചെലവും സ്വയം വഹിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് നിശ്ചിത കാലയളവിലേക്ക് പദ്ധതി നടത്തിപ്പുമായി മുന്നോട്ട് പോകും. പ്രസ്തുത കാലയളവിൽ പദ്ധതി നടത്തിപ്പിലൂടെ ഏജൻസിയ്ക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം സർക്കാരിലേക്ക് നൽകും. ജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭാവി ആവശ്യങ്ങൾക്കും തടസ്സങ്ങൾ വരുന്നില്ല എന്ന് ഉറപ്പാക്കി, പ്രസ്തുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും വരുമാനം പങ്കിടുന്നത് സംബന്ധിച്ച രേഖകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നത് ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്. കൂടാതെ സർക്കാരിന് ലഭിക്കുന്ന വരുമാനം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിവിഷണൽ അക്കൗണ്ടന്റ് എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. |
| (സി) | ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് പ്രപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (സി) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എ.സി. റോഡിന്റെ ഇരുവശങ്ങളിലും ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.യിൽ നിന്ന് നിർദ്ദേശം ലഭിച്ചിരുന്നു. എന്നാൽ നിലവിൽ ജലസേചന വകുപ്പിന് പ്രസ്തുത പ്രദേശത്തിന് കീഴിൽ ഭൂമിയില്ലാത്തതിനാൽ തുടർ നടപടികളുമായി മുന്നോട്ട് പോകാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ